## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5249

26.03.2018-ന് മറുപടിയ്ക്ക്

## സ്കൂൾ ബസുകൾ വാങ്ങുന്ന പ്രോജക്ടിന് കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2017-18 സാമ്പത്തിക വർഷത്തിൽ അഴീക്കോട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശിപാർശ ചെയ്തിരുന്ന അഞ്ച് സ്ക്കൂൾ ബസുകൾ വാങ്ങുന്നതിന് ആവശ്യമായ റിപ്പോർട്ട് കണ്ണൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; | (എ) സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഷയത്തിൽ ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ; | (ബി) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങളാണ് ആദ്യം സമർപ്പിച്ചിരുന്നത്. അതിന്റെ കൂടെ പ്രോജക്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നില്ല. ആയത് 17.03.2018-ന് മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിനാലാണ് കാലതാമസം നേരിട്ടത്. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നിന്നും പ്രോജക്ട് റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുന്നതാണ്. |
| (സി) എന്നത്തേയ്ക്ക് ബന്ധപ്പെട്ട സ്ക്കൂളുകൾക്ക് ബസുകൾ കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) ഭരണാനുമതി ലഭിച്ചുകഴിഞ്ഞാലുടൻ തന്നെ ഇ-ടെൻഡർ വഴി ബസ് വിതരണം ചെയ്യുന്ന ഏജൻസിയെ തെരഞ്ഞെടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ